# പതിനാലാം കേരളനിയമസഭ

## പതിനെട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 1312 06.02.2020 ൽ മറുപടിക്ക്

### വില്ലേജാഫീസുകളിൽ ഫ്രണ്ട് ഓഫീസ് സംവിധാനം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ.വി.ടി.ബൽറാം** | | **ശ്രീ.ഇ.ചന്ദ്രശേഖരൻ**<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) | |
| (എ) | പൊതുജനങ്ങൾക്ക് സഹായമെത്തിക്കുന്നതിനായി വില്ലേജാഫീസുകളിൽ ഫ്രണ്ട് ഓഫീസ് സംവിധാനം ഏർപ്പെടുത്തണമെന്ന പ്രഖ്യാപനം പ്രാവർത്തികമാക്കിയിട്ടുണ്ടോ; | (എ) | വില്ലേജ് ഓഫീസുകളിൽ ഫ്രണ്ട് ഓഫീസ് സംവിധാനം പ്രാവർത്തികമാക്കിയിട്ടില്ല. |
| (ബി) | ഇതു സംബന്ധിച്ച നിർദ്ദേശത്തിൽ ധനകാര്യ വകുപ്പ് എന്ത് മറുപടിയാണ് നൽകിയത്; | (ബി) | വില്ലേജ് ഫീൽഡ് അസിസ്റ്റന്റ് തസ്തികയുടെ **50%** തസ്തികകൾ അപ് ഗ്രേഡ് ചെയ്ത് വില്ലേജ് അസിസ്റ്റന്റ് തസ്തികയാക്കിയാൽ വില്ലേജ് ഓഫീസുകളിൽ ഫ്രണ്ട് ഓഫീസ് സംവിധാനം നടപ്പിലാക്കാൻ കഴിയുമെന്ന നിർദ്ദേശം ആണ് റവന്യൂ വകുപ്പ് മുന്നോട്ട് വച്ചത്. ടി ഫയലിൽ ധനകാര്യ വകുപ്പ് നൽകിയ അഭിപ്രായം ചുവടെ ചേർക്കുന്നു.<br><br>'വില്ലേജ് ഓഫീസുകളുടെ ഫീൽഡ് ലെവൽ പ്രവർത്തനത്തിനുവേണ്ടിയാണ് വില്ലേജ് ഫീൽഡ് അസിസ്റ്റന്റ് തസ്തിക സൃഷ്ടിച്ചിട്ടുള്ളത്. വില്ലേജ് ഫീൽഡ് അസിസ്റ്റന്റ് തസ്തിക വില്ലേജ് ഓഫീസുകളിൽ മാത്രമേ നിലവിലുള്ളൂ. എന്നാൽ എൽ.ഡി ക്ലർക്ക് തസ്തിക റവന്യൂ വകുപ്പിന്റെ വില്ലേജ് ഓഫിസ് മുതൽ ലാന്റ് റവന്യൂ കമ്മീഷണറേറ്റ് വരെയുള്ള ഓഫീസുകളിൽ നിലവിലുള്ള തസ്തികയാണ്. വില്ലേജ് ഓഫീസുകളുടെ പ്രവർത്തനവുമായി ബന്ധപ്പെട്ട് വില്ലേജ് ഫീൽഡ് അസിസ്റ്റന്റ് തസ്തികയ്ക്ക് നിറവേറ്റപ്പെടേണ്ട നിർവചിക്കപ്പെട്ടിട്ടുള്ള ചുമതലകൾ ഉണ്ട്. മുൻപ് 'വില്ലേജ് മാൻ' ആയിരുന്ന തസ്തിക പിന്നീട് വില്ലേജ് ഫീൽഡ് അസിസ്റ്റന്റ് എന്ന് പുനർനാമകരണം ചെയ്ത് തസ്തികയുടെ യോഗ്യത ഉയർത്തി എന്നതുകൊണ്ട് VFA തസ്തികകൾ ഇപ്പോൾ വില്ലേജ് ഓഫീസുകളിൽ അത്യന്താപേക്ഷിതമല്ല അതുകൊണ്ട് ആയത് upgrade ചെയ്ത് ക് ളറിക്കൽ തസ്തികയാക്കി |

മാറ്റണം എന്ന റവന്യൂ വകുപ്പിന്റെ അഭിപ്രായത്തോട് ധനവകുപ്പ് യോജിക്കുന്നില്ല. റവന്യൂ വകുപ്പിനെ സംബന്ധിച്ച് ഫീൽഡ് ലെവലിൽ ഉത്തരവാദിത്തം വഹിക്കേണ്ട, ഒരു വില്ലേജിൽ നിലവിലുള്ള രണ്ടു VFA തസ്തികകളിൽ ഒന്നിനെ ക്ളറിക്കൽ തസ്തികയാക്കി മാറ്റണം എന്ന ആവശ്യം അംഗീകരിക്കുന്നത് ഇപ്പോൾ ടി തസ്തികയിൽ ഉള്ളവർ നിർവഹിക്കുന്ന ജോലി ഭാവിയിൽ നിർവഹിക്കുന്നതിനുവേണ്ടി പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിന് കാരണമാകും. മാത്രമല്ല ഭരണ വകുപ്പ് ശുപാർശ അംഗീകരിക്കുന്നത് ഉടൻതന്നെ രണ്ടായിരത്തോളം തസ്തികകൾ അപ് ഗ്രേഡ് ചെയ്യുന്നതുവഴി ലക്ഷകണക്കിനു രൂപയുടെ സാമ്പത്തിക ബാദ്ധ്യതയും ഉണ്ടാക്കും. VFA തസ്തികയിൽ നിലവിലുള്ള മുഴുവൻ ജീവനക്കാരും പഴയ യോഗ്യത പ്രകാരമുള്ള പി.എസ്.സി യുടെ നിയമന പ്രക്രിയ വഴി നിയമിക്കപ്പെട്ടവരാണ്. ഒരു തസ്തികയുടെ യോഗ്യത അനുസരിച്ചുള്ള നിയമനരീതിയിൽ സർക്കാർ സർവ്വീസിൽ നിയമിക്കപ്പെട്ടശേഷം ഉയർന്ന യോഗ്യതയുണ്ട് എന്നതിനാൽ തസ്തിക അതനുസരിച്ച് അപ് ഗ്രേഡ് ചെയ്യണം എന്ന വാദം യുക്തിസഹമല്ല. ഇത്തരത്തിൽ ഉയർന്ന വിദ്യാഭ്യാസ യോഗ്യതയുള്ളവർ താഴ്ന്ന തസ്തികകളിൽ നിയമിക്കപ്പെടുന്നത് സർക്കാർ സർവ്വീസിന്റെ സ്വാഭാവികതയാണ്. ഓരോ ജോലിക്കും സർക്കാർ സ്പഷ്ടമായ ചുമതലകളും ഉത്തരവാദിത്തങ്ങളും നിശ്ചയിച്ചിട്ടുണ്ട് എന്നതിനാൽ വിദ്യാഭ്യാസ യോഗ്യത ഉയർത്തി എന്നതുകൊണ്ട് ഒരു തസ്തികയെ ഉയർന്ന തസ്തികയാക്കി ഉയർത്തണം എന്ന ആവശ്യം അംഗീകരിക്കാൻ കഴിയില്ലെന്ന് ഭരണ വകുപ്പിനെ അറിയിക്കുന്നു.'

| | | | |
|---|---|---|---|
| (സി) | വില്ലേജാഫീസുകൾ വഴി നൽകുന്ന സേവനങ്ങൾ ഓൺലൈനായപ്പോൾ കമ്പ്യൂട്ടർ സാക്ഷരത ഇല്ലാത്തവർ ബുദ്ധിമുട്ടുന്ന സാഹചര്യത്തിൽ വില്ലേജാഫീസുകളിൽ ഫ്രണ്ട് ഓഫീസ് സംവിധാനം പ്രാവർത്തികമാക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) | ഇക്കാര്യം സർക്കാർ പരിശോധിച്ചു വരികയാണ്. |

സെക്ഷൻ ഓഫീസർ